# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 11 10.12.2012- ൽ മറുപടിക്ക്**

## ചെറുകിട ഇടത്തരം തുറമുഖങ്ങളുടെ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. കെ. സദാശിവൻ :<br>ശ്രീ. പി.കെ. ഗുരുദാസൻ:<br>ശ്രീ; കെ. ദാസൻ :<br>ശ്രീ. വി. ശിവൻ കുട്ടി: | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചെറുകിട, ഇടത്തരം തുറമുഖങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം തുറമുഖങ്ങൾക്ക് അത് ബാധകമായിട്ടുണ്ട്; സ്വകാര്യ പങ്കാളികളാരെല്ലാമാണ്; വിശദമാക്കാമോ ; | (ബി) | കൊല്ലം (തങ്കശ്ശേരി), ആലപ്പുഴ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. പൊന്നാനി തുറമുഖം വികസിപ്പിക്കുന്നതിനായി ചെന്നൈ ആസ്ഥാനമായുള്ള മലബാർ പോർട്ട് പ്രൈവറ്റ് ലിമിറ്റഡിനെ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (സി) | കൊല്ലം തങ്കശ്ശേരി തുറമുഖവും ഇപ്രകാരം പി.പി.പി മാതൃകയിൽ വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ: | (സി) | കൊല്ലം (തങ്കശ്ശേരി) തുറമുഖം പി.പി.പി മാതൃകയിൽ വികസിപ്പിക്കുന്നതിലേയ്ക്കായി ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി മെസ്സേഴ്സ് ഡിലോയ്റ്റിനെ കൺസൾട്ടന്റ് ആയി നിയമിക്കുകയും പ്രസ്തുത കൺസൾട്ടന്റ് സമർപ്പിച്ചിട്ടുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്, റിക്വസ്റ്റ് ഫോർ |

-----2

പ്രൊപ്പോസൽ, കൺസഷൻ എഗ്രിമെന്റ് എന്നിവയ്ക്ക് അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ട്. ഈ തുറമുഖം ഓപ്പറേഷൻ & മെയിന്റനൻസ് കോൺട്രാക്റ്റിൽ നൽകുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിയ്ക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ പ്രക്രിയയിലൂടെ ലഭിച്ചിട്ടുള്ള ഏക ബിഡ് മെസ്സേഴ്സ് ഐ.എം.സി ലിമിറ്റഡ് ചെന്നൈയുടേതാണ്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ബൾക്ക് സിമന്റ് ടെർമിനൽ സ്ഥാപിക്കുന്നതിനായി അഗ്രിമ കൺസൾട്ടന്റ്സ് ഇന്റർനാഷണൽ ലിമിറ്റഡ് എന്ന സിമന്റ് കമ്പനിക്ക് ടെണ്ടർ മുഖേന പരമാവധി 2.88 ഹെക്ടർ ഭൂമി ലീസ് അടിസ്ഥാനത്തിൽ നല്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) 2012-2013 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റിൽ തുക വകയിരുത്തിയ പദ്ധതികൾക്ക് ഭരണാനുമതി നൽകാത്തതെന്താണെന്ന് വിശദീകരിക്കുമോ?

(ഡി) 2012-13 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള ബഡ്ജറ്റിൽ തുക വകയിരുത്തിയ പദ്ധതികളിൽ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികളിൽ ഏറിയ പങ്കിനും ഭരണാനുമതി നല്കി കഴിഞ്ഞു. ഭരണാനുമതി നല്കാത്ത പ്രൊപ്പോസലുകൾ വിവിധ തലങ്ങളിൽ/വകുപ്പുകളിൽ പരിശോധനയിലാണ്.

സെക്ഷൻ ഓഫീസർ